"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- അരൂർ ഗ്രാമപഞ്ചായത്ത് 2018-2019 വാർഷിക പദ്ധതി-സ്പിൽ ഓവർ പ്രോജക്ട് - 'കാരത്തറക്കുളം ഫുട്പാത്ത് ഫോർമേഷൻ' പദ്ധതിയ്ക്കുപകരം തോടിന് കല്ല് കെട്ടിയ തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ) നം.1351/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

പരാമർശം:- 1) അരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.03.2024-ലെ S1/1682/22-നമ്പർ കത്ത്

2) 27.03.2025-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.17-നമ്പർ തീരുമാനം.

ഉത്തരവ്

ആലപ്പുഴ ജില്ലയിൽ ആരൂർ ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ കാരത്തറക്കളം ഭാഗത്ത് ഫുട്പാത്ത് നിർമ്മിക്കുന്നതിനായി 2018-19 വർഷം ചുവടെ ചേർക്കുന്ന പ്രോജക്ട് എടുക്കുകയും തുടർന്ന് ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുകയും ചെയ്തിരുന്നു.

| | | |
|---|---|---|
| പ്രോ.നം.448/21 | അടങ്കൽ | 1,70,000 രൂപ<br>(തനത് ഫണ്ട്) |
| പേര്: | കാരത്തറക്കുളം ഫുട്പാത്ത് ഫോർമേഷൻ (വാർഡ് 20) | |

എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപ്പാത നിർമ്മാണത്തിനാണെങ്കിലും കനത്ത മഴയും വേലിയേറ്റവും ഉണ്ടായിരുന്നതിനാൽ പ്രദേശവാസികളുടെ ആവശ്യം കൂടി പരിഗണിച്ച് ഫുട്പാത്ത് നിർമ്മാണത്തിനു പകരം പാതയുടെ സൈഡിലുള്ള - തോടിന് കല്ലുകെട്ടുന്ന പ്രവൃത്തിയാണ് ചെയ്തിരുന്നതെന്നും ടി പ്രവൃത്തി ചെയ്ത സമയത്തെ 2016 DSOR നിരക്കും 54.90 ശതമാനം കോസ്റ്റ് ഇൻഡക്സും പ്രകാരം ഈ പ്രവൃത്തിയുടെ വാല്യുവേഷൻ തുക 94,080 /- രൂപയാണെന്നും എന്നാൽ ടി ബില്ല് തുക നൽകിയിട്ടില്ലെന്നും ആയതിനാൽ ടി പ്രവൃത്തി സാധൂകരിച്ച ബില്ല് തുക അനുവദിക്കാൻ അനുമതിനൽകണമെന്നും പരാമർശം(1) പ്രകാരം അരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ വിഷയം വികേന്ദ്രീകൃതാസൂത്രണം - കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന് ചേർന്ന യോഗം പരിശോധിക്കുകയും ആലപ്പുഴ, അരൂർ ഗ്രാമപഞ്ചായത്തിലെ 20-ാം വാർഡിലെ കാരത്തറക്കുളം ഭാഗത്ത് ഫുട്പാത്ത് നിർമ്മാണത്തിനുള്ള പ്രോജക്ടിൽ നിന്നും മാറി കല്ലുകെട്ട് നടത്തിയത് വീഴ്ചയാണെങ്കിലും, പൊതുജനങ്ങളുടെ അഭിപ്രായം കൂടി മാനിച്ചാണ് ഫുട്പാത്തിനു പകരം തോടിന് കല്ലുകെട്ടിയത് എന്നത് പരിഗണിച്ച് ഇനി ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ വാല്യൂവേഷൻ പ്രകാരമുള്ള തുകയായ 94,080/- രൂപ അനുവദിക്കുന്നതിന് അരൂർ

ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
കരുതൽ ഫയൽ. (DB2/301/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 02-06-2025 10:33:02
സെക്ഷൻ ഓഫീസർ.